## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2402 | 12/02/2020 ൽ മറുപടിക്ക്

## പരമ്പരാഗത വ്യവസായ മേഖലയുടെ ഉന്നമനം

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു
ശ്രീ. കെ. ദാസൻ
ശ്രീ. എസ്.രാജേന്ദ്രൻ
ശ്രീ. സജി ചെറിയാൻ

**ഉത്തരം**

ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(എ) പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് ബഹുമുഖ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനതല സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ) കരകൗശല അപ്പക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന ബാംബൂ വികസന കോർപ്പറേഷൻ, കേരള ബാംബൂ മിഷൻ, കേരള പനയുൽപ്പന്ന വികസന കോർപറേഷൻ (കെൽപാം), കൈത്തറി വസ്ത്ര ഡയറക്ടറേറ്റ്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കയർ വികസന വകുപ്പ്, കശുവണ്ടി വികസന കോർപ്പറേഷൻ, എന്നിവ മുഖേന വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി'. ഏകദേശം 5600 ത്തിലധികം നെയ്ത്ത് തൊഴിലാളികളെയും അത്രത്തോളം അനുബന്ധ തൊഴിലാളികളെയും പദ്ധതിയുടെ ഭാഗമായി സംരക്ഷിക്കാൻ കഴിഞ്ഞു. ഈ അധ്യായന വർഷം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും എയ്ഡഡ് മേഖലയിലെ നാലാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും കൂടി 42 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിച്ചത് ഉൾപ്പെടെ കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് 75 ലക്ഷത്തോളം മീറ്റർ തുണി കൈത്തറിയിൽ ഉൽപ്പാദിപ്പിച്ചു

നല്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും തുറന്നു പ്രവർത്തിപ്പിക്കാനും നെയ്ത്ത് തൊഴിൽ ഉപേക്ഷിച്ചവരെ ഈ മേഖലയിൽ തിരികെ കൊണ്ടുവരുന്നതിനും കഴിഞ്ഞു. ഈ പദ്ധതി വഴി ഇതുവരെ 125 കോടിയോളം രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൈത്തറിമേഖലയിൽ തൊഴിൽ രഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനു വേണ്ടി 'യുവ വീവ് പദ്ധതി', വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതു പണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും വേണ്ടി 'ഒരു വീട്ടിൽ ഒരു തറി' പദ്ധതി, ആധുനിക ഡിസൈനിൽ കൈത്തറി തുണി ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന ഹാന്റക്സ് വഴിയുള്ള 'കൈത്തറി സുരക്ഷാ' പദ്ധതി, കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിന് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും, പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും സർക്കാർ ഗ്രാൻറായി നൽകുന്ന 'സ്വയം തൊഴിൽ സംരംഭം' പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ആദ്യമായി ഏറ്റവും മെച്ചപ്പെട്ട കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതലത്തിൽ 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50,000/- രൂപ വീതവും അടങ്ങുന്ന അവാർഡുകളും പ്രഖ്യാപിച്ചു നൽകുകയുണ്ടായി. കൈത്തറി മേഖലയിൽ നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് "നെയ്ത്തുത്സവം" സംഘടിപ്പിച്ചു.

കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ വിവിധ ക്രാഫ്റ്റുകളിലായി ഇതുവരെ 1350 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും, പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കി. 3500 ഓളം

ആർട്ടിസാൻമാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി ചെമ്പ്, ഓട്ടു പാത്ര നിർമ്മാണം, മരപ്പണി, വൈക്കോൽ ചിത്ര മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാന്മാർക്ക് കണ്ണൂർ ബെൽ മെറ്റൽ ക്രാഫ്റ്റ്, തൃശ്ശൂർ മരാധിഷ്ഠിത ക്രാഫ്റ്റ്, കൊല്ലം വൈക്കോൽ ചിത്ര (സ്ട്രാപിക്ചർ) ക്രാഫ്റ്റ് എന്നീ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചു. കൈത്തൊഴിൽ മേഖലയിൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ 5 മുതൽ 6 ശതമാനം വരെ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. കരകൗശല മേഖലയുടെ പുരോഗതിക്കായി 46 എക്സിബിഷനുകൾ,14 ക്രാഫ്റ്റ് ബസാറുകൾ എന്നിവ സംഘടിപ്പിച്ചു. 2800 ഓളം പേർ പങ്കെടുത്തുകൊണ്ട് 27 ക്രാഫ്റ്റ് അവെയർനെസ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. കൈരളിഹാന്റി ക്രാഫ്റ്റ് എന്നപേരിൽ ഓൺലൈൻ മാർക്കറ്റിങ് സ്റ്റോറുകൾ ആരംഭിച്ചു.

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷന് (KADCO) കീഴിൽ കൈത്തൊഴിൽ മേഖലയിൽ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് സർവീസ് ആന്റ്ഡ് സപ്ലൈ സ്കീം നടപ്പാക്കിവരുന്നു. കൈത്തറി മേഖലക്ക് ആവശ്യമായ തറികൾ നിർമ്മിച്ച് നൽകുന്നു. കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ 500 ൽ പരം ഗ്രാമ പഞ്ചായത്തു ഓഫീസുകൾ നവീകരിക്കുവാൻ കഴിഞ്ഞു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ക്ലാസ്സ് റൂം നവീകരണവും കാഡ്കോ ഏറ്റെടുത്തു നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി നിരവധി ആർട്ടിസാൻമാർക്കു തുടർച്ചയായി ജോലി നല്കാൻ കഴിഞ്ഞു.

മുള മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ അംഗീകൃത ഈറ്റ - പനമ്പ് തൊഴിലാളികൾക്ക് 'മിനിമം വേജസ്' പദ്ധതി നടപ്പിലാക്കി. പനമ്പിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചു. പനമ്പു നെയ്ത്തു തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ',

ഈറ്റയിൽ നിന്നും അളി കീറി പനമ്പ നെയ്യേണ്ടി വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള സ്ലീവറിഗ് യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കുകയുണ്ടായി. കൂടാതെ ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. ബാംബൂ ഉൽപ്പന്നങ്ങളായ ഫ്ളാറ്റൻഡ് ബാംബൂ ബോർഡ്, ബാംബൂ ഫ്ളോറിഗ് ടൈൽസ് എന്നിവ ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽപാം എന്ന സ്ഥാപനത്തെ തകർച്ചയിൽ നിന്നും പുനർജ്ജീവിപ്പിക്കുന്നതിനായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പെറ്റ് ബോട്ടിൽ പ്ലാന്റ്, പന ഉൽപ്പന്നങ്ങൾ ഉപയോഗിച്ചുള്ള സ്വീറ്റ്സ്, കല്ലേപ്പുള്ളി മോഡേൺ റൈസ് മിൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കേരളത്തിലെ കരകൗശല മേഖലയുടെ വികസനത്തിന് വേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള പാലക്കാട്ടും, കണ്ണൂരിലും സംഘടിപ്പിച്ചു.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയുടെ പുനഃരുദ്ധാരണത്തിനായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ചു നടപ്പിലാക്കൽ, ഉത്സവബത്ത 900/- രൂപയിൽ നിന്നും 1500/- രൂപയാക്കി വർദ്ധിപ്പിച്ചുനൽകിയത്, ഉല്പാദന ഇൻസെന്റീവ് നൂൽ നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും ആയി ഇരട്ടിയാക്കി നൽകിയത്, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് റെഡിമെയ്ഡ് വാർപ്പിഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേ ക്കായി 'ഖാദി ഗ്രാമം' പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് 'കയർ രണ്ടാം പുനഃസംഘടന'. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉൽപ്പാദനമേഖലയിലും കയർപിരി മേഖലയിലും യന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് ഇതിനോടകം 75 ഡി ഫൈബറിങ് മില്ലുകൾ പ്രവർത്തനം ആരംഭിച്ചു. 500 ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ സംഭരിച്ചു വിപണനം നടത്തുന്നു. കയർ തൊഴിലാളികൾക്ക് മിനിമം കൂലി 350/- രൂപയായി വർദ്ധിപ്പിച്ചു നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ് കശുവണ്ടി ഫാക് ടറികൾ എല്ലാം തന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ നിരന്തരമായ ഇടപെടൽ മൂലം കാപ്പെക്സ് ഫാക്ടറികൾ എല്ലാം തുറന്ന് പ്രവർത്തനം ആരംഭിക്കുകയും പ്രവർത്തിച്ചുവരികയുമാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സ്വകാര്യ മേഖലയിലെ അടഞ്ഞു കിടന്നിരുന്ന ഫാക്ടറികളിലെ ആയിരത്തി എഴുന്നൂറോളം സ്ത്രീ തൊഴിലാളികൾക്ക് കാപ്പെക്സ് വഴി ജോലി നൽകി. തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി സംസ്ഥാനത്തിന് അകത്തും പുറത്തും വ്യാപകമാക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. തകർച്ച നേരിടുന്ന കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിന് 25 കോടി രൂപയുടെ പലിശ ധനസഹായപദ്ധതി 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതും വകയിരുത്തിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. അടച്ചു പൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനു ഒരു സമഗ്ര റിവൈവൽ പാക്കേജ് ആവിഷ്കരിച്ചു വിവിധ ബാങ്കുകളുമായി സഹകരിച്ചു നടപ്പിലാക്കിവരുന്നു.

കേരളത്തിലെ ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികളെ മറികടക്കുന്നതിന് ബീഡി സഹകരണ മേഖലയിൽ വൈവിധ്യ വൽക്കരണവും സർക്കാരിൽ അടച്ച നികുതി ഗ്രാന്റായി നൽകുകയും ചെയ്യുന്നു. കൂടാതെ തൊഴിലാളികൾക്ക് ആശ്വാസ പെൻഷൻ പദ്ധതിയും കേന്ദ്ര സഹകരണ സംഘം നടപ്പിലാക്കി വരുന്നു.

കേരളത്തിലെ കളിമൺ പാത്ര നിർമ്മാണ മേഖലയെ സംരക്ഷിക്കുന്നതിന് വേണ്ടി കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മാത്രമല്ല, സംസ്ഥാനവ്യാപകമായി കളിമണ്ണ് ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് റോമെറ്റീരിയൽ ബാങ്ക് സഹകരണ നിയമപ്രകാരം വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭ്യമാക്കുന്നതിനും അവരുടെ തൊഴിൽ, വരുമാനം എന്നിവ ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കരകൗശലത്തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ ദൗർലഭ്യമില്ലാത്ത വിധം ലഭ്യമാക്കുകവഴിയും അവരുടെ ഉൽപ്പന്നങ്ങൾക്ക് ശരിയായ വിപണി ലഭ്യമാക്കുക വഴിയും അവരുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ ധനസഹായം നൽകുന്നു. ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് മികച്ച ഡിസൈനുകളും പരിശീലനവും ആവശ്യമാണ്. അതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

പരമ്പരാഗത കൈത്തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന ആർട്ടിസാൻമാരുടെ ഉന്നമനത്തിനായാണ് കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. കൈത്തൊഴിൽ മേഖലയിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങൽ കാലതാമസം കൂടാതെ വിറ്റഴിക്കുന്നതിനായി സർവ്വീസ് ആന്റ് സപ്ലൈ പദ്ധതി കാഡ്കോ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനും പരമ്പരാഗത ആർട്ടിസാൻമാർക്ക് ജോലി നൽകുന്നതിനും തറികളുടെ റിപ്പയർ, പുതിയ തറികളുടെ നിർമ്മാണം എന്നിവ വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച ഉത്തരവ് പ്രകാരം കാഡ്കോ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു.

കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഉയർന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഓഫീസ് ഫർണിഷിംഗ്, ആധുനികവത്കരണം എന്നിവ ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി കാഡ്കോയെ പരിഗണിച്ചുകൊണ്ട് സർക്കാർ

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം 500 ൽ പരം പഞ്ചായത്ത് ഓഫീസുകൾ നവീകരിക്കുന്നതിന് സാധിച്ചു. ഇതിലൂടെ നിരവധി മരപ്പണിക്കാർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ നവീകരിക്കുന്നതിന്റെ ഭാഗമായും വിദ്യാഭ്യാസ മേഖലയിലെ ക്ലാസ്റൂം നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്റൂം തയ്യാറാക്കുന്നതിനും നോഡൽ ഏജൻസിയായി കാഡ്കോയെ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിൻ പ്രകാരം നിരവധി മരപ്പണിക്കാർ, ഇരുമ്പുപണിക്കാർ, കൽപണിക്കാർ (മേസൺസ്) എന്നിവർക്ക് തൊഴിൽ ലഭിയ്ക്കുന്നതാണ്.

പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്നനിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതും അവരുടെ ഉലപ്പന്നങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ ക്രയവില നൽകുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായ 300/- രൂപയുടെ ഒരു ഭാഗം പരമാവധി 110/-രൂപ സർക്കാർ വിഹിതമായി നൽകി വരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. ജിഒ(ആർ.റ്റി) നം.1401/18/ഐ.ഡി തീയതി: 29/12/18 പ്രകാരം, പരമ്പരാഗത കയർ പിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 1/1/19 മുതൽ പ്രതിദിനം 350/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110/- രൂപ പ്രതിദിനം

സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും.

21.02.2015 തീയതിയിലെ സ.ഉ(അച്ചടി) നം. 21/2015/തൊഴിൽ നമ്പർ പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിച്ചിട്ടുള്ളതാണ്. ആയത് പ്രകാരമുള്ള കൂലിയും മറ്റ് ആനുകൂല്യങ്ങളുമാണ് കോർപ്പറേഷനിലെ തൊഴിലാളികൾക്ക് നൽകി വരുന്നത്. കൂടാതെ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ ലഭ്യമാക്കി അവരുടെ തൊഴിൽ, വരുമാനം എന്നി ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

കേരള കരകൗശല കോർപ്പറേഷനിൽ കരകൗശല കലാകാരൻമാർക്കുള്ള വായ്പാപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒ.ബി.സി വിഭാഗത്തിൽപെട്ട കരകൗശല കലാകാരൻമാർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങി മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനും അവരുടെ തൊഴിൽ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിന് ഉപകരിക്കുന്ന വിധത്തിൽ NBCFDC പദ്ധതി പ്രകാരം 42 പേർക്ക് 92 ലക്ഷം രൂപ വായ്പയായി അനുവദിച്ചു.

പരമ്പരാഗത വ്യവസായ മേഖലയിലെ കൂലി, വരുമാനം, തൊഴിൽ തുടങ്ങിയവ ഉറപ്പുവരുത്തുന്നതിന് കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും സഹായത്തോടെ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ ഗാന്ധിശിൽപ ബസാർ, ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചു. ഇവയിൽ ഗാന്ധിശിൽപ ബസാർ നൂറോളം വരുന്ന ആർട്ടിസാൻമാർക്കും ക്രാഫ്റ്റ് ബസാറുകൾ 60 മുതൽ 100 വരെ ആർട്ടിസാൻമാരുടെയും ഉൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു.

ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നതിന് വേണ്ടി അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ ടോയിലെറ്റ്)

ഏർപ്പെടുത്തുന്നതിനും വേണ്ടി സർക്കാർ സഹായത്തോടെ തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയിട്ടുമുണ്ട് (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, ഗ്രൂപ്പ് ഇൻഷ്വറൻസ്, എം.ഡി.എ ഇൻസെന്റീവ്, ഹോളിഡേ വേജസ്, 20 പ്രവൃത്തി ദിവസങ്ങൾക്ക് ഒന്ന് എന്ന നിലയിൽ ലീവ് വേജസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഖാദി ബോർഡിലും ഖാദി കമ്മീഷനിലും രജിസ്റ്റർ ചെയ്ത് ഖാദി വ്യവസായം നടത്തുന്ന ഖാദി സംഘങ്ങളുടേയും സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങളും കൂലിയും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തൊഴിലുപകരണങ്ങൾ, വർക്ക്ഷെഡ് എന്നിവ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനും സഹായം ലഭ്യമാക്കുന്നുണ്ട്.

(സി) പരമ്പരാഗത ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിനും അവയുടെ വിപണനത്തിന് ഫലപ്രദമായ കച്ചവട വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലായി കരകൗശല വികസന കോർപ്പറേഷൻ ഡിസൈൻ - ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തുകയുണ്ടായി. കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി) എന്നിവയുടെ ആഭിമുഖ്യത്തിൽ സ്ഥിരം വിപണനകേന്ദ്രങ്ങൾ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു എന്നതിനുപുറമേ, വിശേഷാവസരങ്ങളിൽ പ്രദർശന - വിൽപ്പന മേളകളും സംഘടിപ്പിക്കുന്നു. ഇവ കൂടാതെ ഓൺലൈൻ വ്യാപാരത്തിന്റെ സാധ്യതകൾ പ്രയോജപ്പെടുത്തുന്നതിനായി കോർപ്പറേഷൻ സ്വന്തമായി ഇ-കോമേഴ്സ് വെബ്സൈറ്റ് ആരംഭിക്കുകയും ആമസോൺ, ഫ്ളിപ്കാർട്ട്, ജി.ഇ.എം എന്നീ ഇ-കോമേഴ്സ് പോർട്ടലുകളിൽ

ഓൺലൈൻ സ്റ്റോറുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളും ചെറുകിട ഉൽപ്പാദക സംഘങ്ങളും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് സഹായകരമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കയർ കേരള 2017 ൽ നടപ്പിലാക്കിയ കയർഭൂവസ്ത്ര പദ്ധതി 120 കോടി രൂപയുടെ ഓർഡറുകളാണ് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായത്. ഇതിൽ 42 കോടി രൂപയുടെ കയർ ഭൂവസ്ത്രം നിർമ്മിച്ചു നൽകുന്നതിന് കയർപൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കയർ കേരള 2019 ൽ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതിയാണ് തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് വിഭാവനം ചെയ്തിട്ടുള്ളത്. 2017 ൽ ഓണക്കാലത്ത് കയർ വികസന വകുപ്പ് ജീവനക്കാർ ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് കയർ കാർണിവൽ എന്ന പേരിൽ ആവിഷ്കരിച്ച പദ്ധതി പ്രകാരം 10 കോടി രൂപ മൂല്യമുള്ള കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ചകിരിച്ചോറിൽ നിന്നും തൊണ്ടിൽ നിന്നും ബയൻറർലെസ് ബോർഡ് പോലെ തടിക്കുപകരമായി ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കൾ നിർമ്മിക്കുന്നതിന് പൈലറ്റ് പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു.

പരമ്പരാഗത കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷൻ കശുവണ്ടി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് കശുവണ്ടി പരിപ്പിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ളേറ്റ് ഉൽപ്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു എന്നിവ ഉൽപാദിപ്പിച്ച് വിപണനം നടത്തി വരുന്നു.

കശുമാങ്ങയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങളായ കാഷ്യൂ സോഡാ കാഷ്യൂ പൈൻ ജാം, കാഷ്യൂ ആപ്പിൾ ജ്യൂസ് എന്നിവയും കാഷ്യൂ സൂപ്പ് കാഷ്യൂ വിറ്റാ എന്നിവ അപ്പപ്പോൾ ഉപയോഗിക്കാവുന്ന വിധത്തിലും വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്.

കൂടാതെ കേരളാ ബ്രാൻഡ് ജംബോ സൈസ് കശുവണ്ടി പരിപ്പ് കമ്പോളത്തിൽ ഇറക്കിയിട്ടുള്ളതാണ്.

കശുവണ്ടി പരിപ്പിന്റേയും മൂല്യ വർദ്ധിത ഉത്പ്പന്നങ്ങളുടേയും ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷൻ മാർക്കറ്റ് ഫെഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും മാർക്കറ്റ് ഫെഡ് വഴി കേരളത്തിനകത്തും പുറത്തും കശുവണ്ടി പരിപ്പ് വിറ്റഴിക്കുന്നതിനുള്ള വിപണി ശൃംഖല ആരംഭിച്ചിട്ടുള്ളതുമാണ്. ആഭ്യന്തര മാർക്കറ്റിലെ കശുവണ്ടി പരിപ്പിന്റെ വിപണനം ഇതിലൂടെ ഗണ്യമായ തരത്തിൽ മെച്ചപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ഡിസ്ട്രിബ്യൂട്ടർമാർ, ഫ്രാഞ്ചൈസികൾ, ഗവൺമെന്റ് ഏജൻസികൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖാന്തിരം കശുവണ്ടി പരിപ്പിന്റേയും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെയും വിപണനം നടത്തി വരുന്നു.

കൂടാതെ കോർഷറേഷന്റെ 10 ഫാക്ടറി കളിലുള്ള ഔട്ട് ലെറ്റ് മുഖാന്തിരം നേരിട്ട് കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണനം നടത്തി വരുന്നു.

ആർട്ടിസാൻ വികസന കോർപ്പറേഷൻ സ്വർണ്ണതൊഴിലാളികൾക്കായി TAG (Training for Appraisers in Gold) എന്ന പരിശീലന പരിപാടി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ന്യൂവർ ടെക്നോളജിക്കൽ ഇന്റർവെൻഷൻ പ്രോഗ്രാം പദ്ധതിയിലൂടെ സർക്കാരിൽ നിന്നും കിട്ടിയ ധനസഹായം ഉപയോഗിച്ച് വിവിധ ആർട്ടിസാൻമാർ പ്രകൃതി ദത്ത വസ്തുക്കൾ കൊണ്ട് സാമ്പിൾസ് നിർമ്മിച്ച്

നൽകുന്നതിലേയ്ക്കായും, പുതുശൈലി ഉൽപന്നങ്ങൾ നിർമ്മിച്ച് നൽകുന്നതിലേയ്ക്കായും വിനിയോഗിച്ചിട്ടുണ്ട്. മാർക്കറ്റ് ഇന്റർവെൻഷൻ പ്രോഗ്രാം പദ്ധതി സർക്കാരിൽ നിന്നും 2016-17 കാലയളവിൽ അനുവദിച്ച 19 ലക്ഷം രൂപ കാഡ്കോയുടെ എംപാനൽ ആർട്ടിസാന്മാർ നിർമ്മിക്കുന്ന കരകൗശല ഉൽപന്നങ്ങൾ KTDC യുടെ കീഴിലുള്ള വിവിധ സ്റ്റാർ ഹോട്ടലുകളുടെ ലോബികളിൽ പ്രദർശനവും വിപണനവും നടത്തുന്നതിനായി പ്രീമിയം സുവനീയർ ചെയിൻ ഷോപ്പുകൾ തുടങ്ങുകയുണ്ടായി.

കരകൗശല വികസന കോർപ്പറേഷനിൽ പരമ്പരാഗത ഉൽപന്നങ്ങളുടെ വൈവിധ്യവത്കരണത്തിന് വേണ്ടി ഡിസൈൻ ഡവലപ്മെന്റ് വർക്ക്ഷോപ്പ്, ഇൻഡഗ്രേറ്റഡ് ഡിസൈൻ ഡവലപ്മെന്റ് വർക്ക് ഷോപ്പ്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ നടത്തിയിട്ടുണ്ട്.

അതോടൊപ്പം പരമ്പരാഗത ഉൽപന്നങ്ങളുടെ വിപണനത്തിന് നൂതനമായ കച്ചവടതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ഇ-പോർട്ടൽ സംവിധാനത്തിലൂടെ കോർപ്പറേഷൻ KAIRALI-HANDICRAFTS (www.keralahandicrafts.in) എന്ന പേരിൽ സ്വന്തമായി ഇ-കോമേഴ്സ് വെബ്സൈറ്റ് ആരംഭിച്ചു. കൂടാതെ ആമസോൺ, ഫ്ളിപ്കാർട്ട്, GeM(Government e Market place) എന്നീ ഇ-കോമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിച്ചു.

ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടി വില്പനശാലകളുടെ നവീകരണം, ദൃശ്യ – ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിവിധ കേന്ദ്രങ്ങളിൽ പ്രത്യേകം വില്പന മേളകളും നടത്തുന്നുണ്ട്. കൂടാതെ ഓൺലൈൻ മാർക്കറ്റിംഗ്

പദ്ധതി ആവിഷ്ക്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ചരിത്രത്തിലാദ്യമായി നിയമസഭാ സമുച്ചയത്തിലും ശബരിമലയിൽ നിലയ്ക്കലിലും മറ്റു സർക്കാർ എക്സിബിഷനുകളിലും ബോർഡിന്റെ വില്പന കൗണ്ടറുകൾ തുറക്കാൻ കഴിഞ്ഞു. അതുപോലെ യുവതലമുറയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി "ഖാദി ഡേ" പദ്ധതി ആരംഭിക്കുന്നതിനും ആയതനുസ്സരിച്ച് ആഴ്ചയിലൊരിക്കൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഖാദി ധരിക്കുന്നതിന് ലക്ഷ്യമിട്ട് മുന്നോട്ടുപോകുന്നു.

(ഡി) പരമ്പരാഗത വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കാത്തവിധം ഉല്പാദന പ്രക്രിയയിലെ യന്ത്രവത്ക്കരണത്തിലൂടെ ഈ മേഖലയുടെ ആധുനികവത്ക്കരണത്തിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി) കരകൗശല മേഖലയെ സംബന്ധിച്ച് യന്ത്രവൽക്കരണത്തിന് പരിമിതികളുണ്ടെങ്കിലും ഉൽപ്പാദന പ്രക്രിയയേയും തൊഴിൽ സാധ്യതകളേയും പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ യന്ത്രങ്ങൾ ഉപയോഗപ്പെടുത്താനുള്ള സാഹചര്യം പ്രയോജനപ്പെടുത്തുന്നതിനായി സർക്കാർ ധന സഹായം ചെയ്തുവരുന്നു.

പരമ്പരാഗത കൈത്തൊഴിലുകളായ മരപ്പണി, ഇരുമ്പുപണി എന്നീ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കരവിരുതിനെ ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ നൂതനമായ ഡിസൈൻസ് രൂപകൽപന ചെയ്യുന്നതിന് പ്രാപ്തരാക്കുന്നതിന് Furniture & Filling Skill Council of India (FFSC) യിലെ വിദഗ്ധരായ പരിശീലകരുടെ സഹായത്തോടെ പരിശീലനം കൊടുക്കുക വഴി മികച്ച മരം, സ്റ്റീൽ ഉൽപന്നങ്ങൾ, ഇന്റീരിയർ ഡെക്കറേഷൻ ആന്റ് ഫർണിഷിഗ് വൈദഗ്ധ്യം നിർമ്മാണ മേഖലയ്ക്ക് നൽകുവാൻ കാഡ്കോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ വൈദഗ്ധ്യം നേടിയവരെ ഉപയോഗപ്പെടുത്തി നവീന രീതിയിലുള്ള ഇന്റീരിയർ ഫർണിഷിഗ് വർക്കുകൾ കാഡ്കോ ഏറ്റെടുത്ത് സമയബന്ധിതമായും ഗുണനിലവാരത്തോടെയും ചെയ്തു വരുന്നു.

കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി എല്ലാ നിയന്ത്രണങ്ങളും എടുത്തു മാറ്റിക്കൊണ്ട്

കയർ മേഖലയിൽ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പാക്കുകയാണ്. എന്നാൽ ഈ മാറ്റം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും യാതൊരുവിധത്തിലും ബാധിക്കാത്ത തരത്തിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പരമ്പരാഗത രീതിയിൽ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കൂലി നൽകി എന്നുറപ്പാക്കിയശേഷം കയർഫെഡുവഴി സർക്കാർ സംഭരിക്കും. കൂലിയുടെ ഒരു ഭാഗം (110/- രൂപ) പ്രതിദിനം വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നു. 2018-19 വർഷത്തിൽ 22.46 കോടി രൂപ ഇപ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. ഈ വർഷം സെപ്റ്റംബർ 30 വരെ 9.03 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ ഇതിനകം സർക്കാരിൽ നിന്നും കയർ വികസന വകുപ്പിന് ലഭ്യമായിട്ടുണ്ട്.

പരമ്പരാഗത വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കാത്ത വിധം ആധുനിക വൽക്കരണ നടപടികൾ കാഷ്യൂ കോർഷറേഷൻ സ്വീകരിച്ചിട്ടുള്ളതാണ്. പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ച് പരമാവധി ഉത്പാദനം കൈവരിക്കുക എന്നതാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. കൂടാതെ ഫാക്ടറികളുടെ ആധുനീകവത്കരണത്തിനും നവീകരണത്തിനും അടിസ്ഥാന സൗകര്യ വികനത്തിനുമായി 40 കോടി രൂപ അനുവദിച്ച് നൽകിയിട്ടുള്ളതിൽ 12 കോടി രൂപ വിനിയോഗിച്ചുള്ള നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ പൂർത്തിയായി വരുന്നു. പുതിയ ഷെഡറുകളുടെ സ്ഥാപനം, ആധുനിക രീതിയിലുള്ള ഫില്ലിംഗ് പാക്കിംഗ് സെന്ററുകൾ, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം. ഇതിനാവശ്യമായ പരിശീലനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള

ആധുനിക സൗകര്യങ്ങളോടു കൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ശൗചാലയങ്ങൾ, അന്തരീക്ഷ ഉഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാനുകൾ, കാഷ്യു പാർക്ക്, സി സി ടി വി സർവെയലൻസ് ക്യാമറ, ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്ക്, ഡൈനിംഗ് ഹാൾ, ക്യാന്റീൻ, തൊട്ടിപ്പുര, വായനാ മുറി, ഷെഡുകളിൽ ആവശ്യാനുസരണം ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയാണ് നവീകരിച്ച കാഷ്യൂ ഫാക്ടറികളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ.

കരകൗശല ഉൽപ്പന്നങ്ങളുടെ പ്രാദേശിക നിർമ്മാണ രീതികൾ ഒരു പ്രത്യേക സ്ഥലത്ത് ക്രമീകരിക്കാനും ഒരു കൂട്ടം ശിൽപ്പികൾക്ക് ഉൽപ്പന്നം നിർമ്മിക്കുവാനും പരിശീലിക്കുവാനും പുതിയ ഡിസൈനുകളും വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും സഹായകരമായ സാഹചര്യങ്ങൾ ഒരുക്കുന്ന സംവിധാനമാണ് പൊതുസേവന കേന്ദ്രങ്ങൾ. ഇത്തരത്തിലുള്ള രണ്ട് കേന്ദ്രങ്ങൾ കണ്ണൂരിലെ കുഞ്ഞിമംഗലത്തും കൊല്ലത്തെ കടവൂരും പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂരിലെ ചേർപ്പിൽ പൊതുസേവനകേന്ദ്രം പൂർത്തീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

പരമ്പരാഗത ചർക്കകളുടെയും തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രത്യേകം ഗവേഷണങ്ങൾ നടത്തുന്നുണ്ട്. ചെന്നൈ IIT യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റുട്ടാഗ് എന്ന സ്ഥാപനവുമായി ചേർന്ന് ഗവേഷണ പദ്ധതികൾ നടത്തി വരുന്നുണ്ട്. ഉല്പാദനക്ഷമത കൂടിയ ചർക്കകളും തറികളും സ്ഥാപിച്ചു വരുന്നു.

Radhakan

സെക്ഷൻ ഓഫീസർ